നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 903 — 01.03.2017 ൽ മറുപടിക്ക്

## ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തസ്തികയെന്ന് വ്യക്തമാക്കുമോ ; | (എ) അധികാര വികേന്ദ്രീകരണത്തിന് വേണ്ടി ജലസേചന വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചതും ജലസേചന വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയായി നിലനിന്നിരുന്ന തസ്തികകളും വകുപ്പിൽ അധിക തസ്തികകൾ എന്ന് കണ്ടെത്തിയ തസ്തികകളും കൂടി ചേർത്ത് 1199 തസ്തികകൾ നിർത്തലാക്കി. |
| (ബി) ഇതുമൂലം ഏതെങ്കിലും ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ; | (ബി) ഇല്ല. |
| (സി) കമാന്റ് ഏര്യ ഡവലപ്മെന്റ് അതോറിറ്റി (CADA) പിരിച്ചുവിടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി നിയമിച്ച ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് കുട്ടനാട് പാക്കേജിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയില്ലേ ; | (ഡി) തീരുമാനിച്ചിട്ടില്ല. |
| (ഇ) തസ്തിക നിർത്തലാക്കുന്നതോടെ ജീവനക്കാർ മറ്റ് ജില്ലകളിലേക്ക് മാറേണ്ടി വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റിയും സ്ഥലംമാറ്റ മാനദണ്ഡങ്ങളും കൃത്യമായി പരിഗണിച്ച് മാത്രമേ സ്ഥലം മാറ്റാവൂ എന്ന് നിർദ്ദേശം നൽകുമോ ? | (ഇ) അത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സീനിയോറിറ്റി അടക്കമുള്ള മാനദണ്ഡങ്ങൾക്ക് പരിഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ